Website:http://www.kwa.kerala.gov.in

Fax: 91-0471-2324903
Tel: 0471-2328654

**കേരള വാട്ടർ അതോറിറ്റി**

ജലഭവൻ,
വാട്ടർ അതോറിറ്റി ക്യാംപസ്
വെള്ളയമ്പലം

നമ്പർ. 21097/AO(RMC)/2021/കെ ഡബ്ല്യൂ എ

തീയതി: 18.11.2021

**സർക്കുലർ**

വിഷയം:- ഗാർഹികേതര കണക്ഷനുകളിലെ കുടിശ്ശിക OTS കണക്കാക്കുന്നത്പോലെ പ്രതിമാസം 2 % സാധാരണ പലിശ നിരക്കിൽ കണക്കാക്കി ബാക്കി തുക ലെഡ്ജറിൽ നിന്നും ഒഴിവാക്കുന്നത് - സംബന്ധിച്ച്.

സൂചന :- 03/ 11/ 2021 ൽ നടന്ന റവന്യൂ റിവ്യൂ മീറ്റിങ്ങിലെ തീരുമാനം.

സൂചന പ്രകാരം നടന്ന മീറ്റിങ്ങിൽ DCB യിലെ ഭീമമായ കുടിശ്ശിക വരാൻ കാരണം **ഗാർഹികേതര (Non-domestic and Industrial)** കണക്ഷനുകളിലെ കുടിശ്ശികയിൽ ഫൈൻ കണക്കാക്കുന്നത് പ്രതി മാസം 2% കൂട്ട് പലിശ നിരക്കിൽ ആയതു കൊണ്ടാണെന്നും ഇത് 2014 ലെ ബഹു.ഹൈക്കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ 2% സാധാരണ പലിശ നിരക്കിൽ കണക്കാക്കി ബാക്കി തുക ലെഡ്ജറിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും തീരുമാനിക്കുകയുണ്ടായി. യഥാർത്ഥത്തിൽ പിരിഞ്ഞു കിട്ടേണ്ട കുടിശ്ശികയാണ് DCBൽ കാണിക്കുന്നതു എന്ന് ഉറപ്പുവരുത്തുകയാണ് ഇത്കൊണ്ട് ഉദ്ദേശ്ശിക്കുന്നതു. ഇക്കാര്യത്തിൽ ഇ-അബാക്കസിൽ അടിയന്തിരമായി മാറ്റങ്ങൾ വരുത്തണമെന്ന് DBAയോട് യോഗം നിർദ്ദേശിച്ചു. 31/12/2021 ന മുൻപ് ഇക്കാര്യം പൂർത്തിയാക്കാമെന്ന DBA യോഗത്തിൽ ഉറപ്പു നൽകുകയുണ്ടായി. എന്നാൽ 01/01/2022 മുതൽ മാത്രമേ ഇത് നടപ്പിലാക്കാൻ പറ്റുകയുള്ളുവെന്നും അതുവരെയുള്ള കുടിശ്ശിക തുക മാനുവലായി (പ്രതിമാസം 2% സാധാരണ പലിശ നിരക്കിൽ) കണക്കാക്കി ബാക്കി തുക ഒഴിവാക്കേണ്ടതാണെന്നും DBA അറിയിച്ചു.ആയതിനാൽ ആദ്യഘട്ടത്തിൽ ഓരോ ഡിവിഷനിലെയും ഉയർന്ന കുടിശ്ശികയുള്ള ഗാർഹികേതര കണക്ഷനുകൾ കണ്ടെത്തി അവ OTS കണക്കാക്കുന്നത്പോലെ പ്രതിമാസം 2% സാധാരണ പലിശ നിരക്കിൽ കണക്കാക്കി ബാക്കി തുക ലെഡ്ജറിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നിർദ്ദേശം ഇതിനാൽ നൽകുന്നു. അങ്ങനെ ചെയ്യുമ്പോൾ 01.01.2022 മുതൽ ശരിക്കുള്ള ക്ലോസിങ് ബാലൻസ് തന്നെ ഓപ്പണിങ് ബാലൻസ്ആയി എടുക്കുവാൻ സാധിക്കും. ഇ-അബാക്കസിലെ OB തുകയുടെ കൃത്യത മാനുവൽ രജിസ്റ്റർ നോക്കി ഉറപ്പുവരുത്തേണ്ടതാണ്.

**മാർഗ്ഗ നിർദ്ദേശങ്ങൾ**

1) ആദ്യഘട്ടമെന്ന നിലയിൽ 31/12/2021 ന മുൻപായി, **വിച്ഛേദിക്കപ്പെട്ട കണക്ഷനുകളിലെ** കുടിശ്ശികകളിൽ മേൽ പറഞ്ഞ പ്രകാരമുള്ള ഒഴിവാക്കലുകൾ നടത്തുക.

2) ഒരു കണക്ഷനിൽ കുടിശ്ശിക വന്നത് എന്നാണോ (ഇ-അബാക്കസ് പ്രകാരം) അന്നുമുതൽ മാത്രം 2% സാധാരണ നിരക്കിൽ പലിശ കണക്കാക്കുക.

Draft #1 of File 21097/AO(RMC)/2021/KWA Approved by Accounts Member on 18-Nov-2021 11:05 AM - Page 1

3) കുടിശ്ശികയുള്ളതും വിച്ഛേദിക്കപ്പെട്ടതുമായി എത്ര കണക്ഷനുകൾ ഉണ്ടെന്നും അതിൽ എത്ര കണക്ഷനുകളിൽ മേൽ പറഞ്ഞത് പ്രകാരമുള്ള തുക ഒഴിവാക്കി എന്നത് സംബന്ധിച്ച വിവരങ്ങൾ എക്സൽ ഫോർമാറ്റിൽ 2 ആഴ്ചയിൽ ഒരിക്കൽ RMC യെ അറിയിക്കേണ്ടതാണ്.

4) ഏറ്റവും ഉയർന്ന കുടിശ്ശികയുള്ള കണക്ഷനുകളിൽ ആദ്യമാദ്യം ഒഴിവാക്കലുകൾ നടത്തേണ്ടതാണ്.

5) ഇക്കാര്യം വേഗത്തിൽ ചെയ്യുന്നതിന് വേണ്ടി OTS മാതൃകയിലുള്ള EXCEL ഫോർമാറ്റിൽ ഉള്ള സോഫ്റ്റ്വെയർ എല്ലാ ഡിവിഷനുകൾക്കും ഇ-മെയിൽ മുഖേന അയച്ചുതരുന്നതാണ്.

V. Ramasubramani .
അക്കൗണ്ട്സ് മെമ്പർ

സ്വീകർത്താവ്

ചീഫ് എഞ്ചിനീയർ
ദക്ഷിണ/മദ്ധ്യ/ഉത്തര മേഖല

പകർപ്പ്:-

എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും
എല്ലാ റവന്യൂ ഓഫീസർ മാർക്കും

Draft #1 of File 21097/AO(RMC)/2021/KWA Approved by Accounts Member on 18-Nov-2021 11:05 AM - Page 2

The document is digitally approved. Hence signature is not needed.